# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4081.

20-03-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷി ചെയ്യാതെ തരിശായി കിടക്കുന്ന ഭൂമി

**ചോദ്യം**

ശ്രീ.പി. ഉണ്ണി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന സ്ഥലത്ത് എത്ര ഏക്കർ കൃഷി ഭൂമി നെൽകൃഷി ചെയ്യാതെ തരിശ്ശായി കിടക്കുന്നുണ്ട് എന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; എത്ര കാലമായിട്ടാണ് തരിശിട്ടിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (എ) | ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന സ്ഥലത്ത് 130 ഏക്കർ കൃഷിഭൂമി നെൽകൃഷി ചെയ്യാതെ തരിശ്ശായി കിടക്കുന്നുണ്ട്.ശരാശരി 10 വർഷമായി ഈ സ്ഥലം തരിശായിക്കിടക്കുന്നു. |
| (ബി) | ആരുടേയെല്ലാം ഉടമസ്ഥതയിലുള്ള ഭൂമിയാണ് തരിശ്ശിട്ടിരിക്കുന്നതെന്ന് അറിവുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (ബി) | വ്യക്തികളുടെ പേരിലുള്ള സ്വകാര്യ ഭൂമിയാണ് തരിശിട്ടിരിക്കുന്നത്. വിശദാംശങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല. |
| (സി) | പ്രസ്തുത തരിശുഭൂമിയിൽ അടുത്ത വിളയെങ്കിലും കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ? | (സി) | കൃഷി വകുപ്പിന്റെ പദ്ധതികളും ജനകീയാസൂത്രണ പദ്ധതികളും ചേർത്ത് ലഭ്യമാകുന്ന ഫണ്ട് ഉപയോഗപ്പെടുത്തി 50 ഏക്കർ സ്ഥലം അടുത്ത വർഷം കൃഷി ചെയ്യിക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ